File No.FWLD-B1/77/2018-FWLD

9581
29/5/19

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് - 1960 പൊറ്റ കശുവണ്ടി തോട്ടത്തിലെ 15/12/1987 - ൽ നടന്ന പുനർലേലത്തിലെ സർക്കാർ നഷ്ടമായ 13,433/- രൂപ (പതിമൂവ്വായിരത്തി നാന്നൂറ്റി മുപ്പത്തിമൂന്ന് രൂപ മാത്രം) ശ്രീ. കെ. ബി. വിജയകുമാർ എന്നയാൾക്കെതിരെയുള്ള റവന്യൂ റിക്കവറി മുഖാന്തിരം ഈടാക്കാൻ പറ്റാത്ത സാഹചര്യത്തിൽ, പ്രസ്തുത തുക എഴുതി തള്ളുന്നതിന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സ്സ്) ന് അനുമതി നൽകി ഉത്തരവാകുന്നു.

വനം വന്യജീവി (ബി)വകുപ്പ്

സ.ഉ.(സാധാ) നം.183/2019/വനം തീയതി,തിരുവനന്തപുരം, 28/05/2019

പരാമർശം:- 1) അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (റീജിയണൽ നോർത്ത്), കോഴിക്കോട് - ന്റെ 25/06/2016 തീയതിയിലെ ബി1 - 1223/16, 24/03/2018 തീയതിയിലെ എഫ്.1382/2016 എന്നീ നമ്പർ കത്തുകൾ.

2) 07/08/2017 - ലെ സ.ഉ (അച്ചടി) നം. 102/2017/ധന നമ്പർ ഉത്തരവ്.

3) 23.11.2018 തീയതിയിലെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സ്സ്)ന്റെ പ്രൊ (5)- 28902/2018 നമ്പർ കത്ത്.

<u>ഉത്തരവ്</u>

1960 പൊറ്റ കശുമാവിൻ തോട്ടം 15.12.1987 - ൽ ശ്രീ. കെ. ബി. വിജയകുമാർ എന്ന വ്യക്തി ലേലം കൊള്ളുകയും മൂന്നിലൊന്ന് ഭാഗികവില അന്നേ ദിവസം അടയ്ക്കുന്നതിൽ വീഴ്ച വരുത്തുകയും ചെയ്തു. ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ 14-01-1988 ൽ പുനർലേലം നടത്തിയപ്പോൾ 13,433/- രൂപയുടെ നഷ്ടം സർക്കാരിന് ഉണ്ടായതായി കണക്കാക്കി.

(2) സർക്കാർ നഷ്ടമായ 13,433/- രൂപ റവന്യൂ റിക്കവറി നടത്തുന്നതിനായി എല്ലാ ജില്ലാ കളക്ടർമാർക്കും വനം വകുപ്പിലെ മറ്റ് ഓഫീസുകളിലേയ്ക്കും ടിയാന്റെ പേരിൽ സ്ഥാവരജംഗമ വസ്തുക്കൾ ഉണ്ടോയെന്ന് റിപ്പോർട്ട് ചെയ്യാൻ അപേക്ഷിക്കുകയും ചെയ്തു. ശ്രീ. കെ. ബി. വിജയകുമാറിൽ നിന്നും 13,433/- രൂപ ഈടാക്കുവാൻ യാതൊരു മാർഗ്ഗവും നിലവിലില്ലാത്തതിനാൽ ടി തുക

എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം ( 1 ) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (റീജിയണൽ നോർത്ത്), കോഴിക്കോട് - ഉം പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സ്), തിരുവനന്തപുരം - ഉം സർക്കാരിൽ ശുപാർശ സമർപ്പിച്ചിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 1960 പൊറ്റ കശുവണ്ടി തോട്ടത്തിലെ പുനർലേലത്തിലെ സർക്കാർ നഷ്ടമായ 13,433/- രൂപ (പതിമൂവ്വായിരത്തി നാനൂറ്റി മുപ്പത്തിമൂന്ന് രൂപ മാത്രം) വീഴ്ചക്കാരനായ ശ്രീ. കെ. ബി. വിജയകുമാറിൽ നിന്നും റവന്യൂ റിക്കവറി നടപടി മുഖേന ഈടാക്കുവാൻ യാതൊരു മാർഗ്ഗവും നിലവിലില്ലാത്ത സാഹചര്യത്തിൽ, ടി തുക എഴുതിത്തള്ളുന്നതിന് പരാമർശം 2 ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സ്) അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുൽഫിക്കർ റഹ്മാന്.എ
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ

(ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സ്), ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,തിരുവനന്തപുരം.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്,

(റീജിയണൽ നോർത്ത്), കോഴിക്കോട്.

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ് / എ & ഇ), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by
PRAVEEN KUMAR S
Date: 2019.05.28 14:54:58
IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു. വനം വന്യജീവി വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്,

വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്.

വനം വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി. എ യ്ക്ക്